**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 573** **24-08-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് ക്ലെയിം നിരസിച്ച സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള പല ആശുപത്രികളും പോളിസി ഉടമകളായ ഉദ്യോഗസ്ഥരോടും പെൻഷൻകാരോടും ആശാസ്യകരമായ രീതിയിലല്ല പെരുമാറുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **പൊതുവിൽ ഇല്ല. ഇത്തരത്തിലുള്ള ഒന്ന് രണ്ട് സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ആയത് ഇൻഷ്വറൻസ് കമ്പനി പരിഹരിച്ചിട്ടുമുണ്ടെന്നുമാണ് കമ്പനിയിൽ നിന്നും ലഭിച്ച വിവരം.** |
| (ബി) | രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിന് വിമുഖത കാണിക്കുന്ന സംഭവങ്ങളും ചികിത്സാചെലവ് മുൻകൂട്ടി അടയ്ക്കുവാൻ ആവശ്യപ്പെടുന്നതുൾപ്പെടെയുള്ള സംഭവങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പദ്ധതിയിലെ മാനദണ്ഡങ്ങൾ ലംഘിച്ച ഏതെല്ലാം ആശുപത്രികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | **ഉണ്ട്. പദ്ധതിയുടെ ആരംഭഘട്ടത്തിൽ ഇത്തരത്തിലുള്ള കുറച്ച് സംഭവങ്ങൾ ഇൻഷ്വറൻസ് കമ്പനിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ആയത് കമ്പനി ആശുപത്രി അധികൃതരുമായി ബന്ധപ്പെട്ട് പരിഹരിച്ചിട്ടുള്ളതും ചില ആശുപത്രികൾക്ക് ലീഗൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.** |
| (സി) | ഇൻഷ്വറൻസ് ക്ലെയിം നിഷേധിച്ചത് സംബന്ധിച്ച് ഏതെല്ലാം ആശുപത്രികൾക്കെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | **ഇത് സംബന്ധിച്ച് സർക്കാരിൽ ലഭിച്ച പരാതികൾ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ഓരോന്നും പ്രത്യേകമായി കമ്പനി പരിശോധിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ